പ്രസിദ്ധീകരണാർത്ഥം

# മിഖായേൽ മോർ ദിവന്നാസിയോസ് തിരുമേനി അനുസ്മരണം – പുത്തൻകുരിശ് പാത്രിയർക്കാസെന്ററിൽ

**പുത്തൻകുരിശ്:** മലങ്കരയുടെ ഗർജ്ജിക്കുന്ന സിംഹം എന്ന അപരനാമത്തിൽ അറിയപ്പെട്ടിരുന്ന മിഖായേൽ മോർ ദിവന്നാസിയോസ് തിരുമേനിയുടെ ഓർമ്മദിനത്തോടനുബന്ധിച്ച് യാക്കോബായ സുറിയാനി സഭാ ആസ്ഥാനമായ പാത്രിയർക്കാസെന്ററിൽ 2009 ജനുവരി 18–ാം അനുസ്മരണ സമ്മേളനം നടത്തും. ഞായറാഴ്ച രാവിലെ 7 ന് പാത്രിയർക്കാസെന്റർ സെന്റ് അത്താനാസിയോസ് കത്തീഡ്രലിൽ വി.കുർബ്ബാനയും പ്രത്യേകപ്രാർത്ഥനയും നടത്തപ്പെടും. ഉച്ചകഴിഞ്ഞ് 2 ന് നടക്കുന്ന അനുസ്മരണ സമ്മേളനം ശ്രേഷ്ഠ കാതോലിക്കബസ്സേലിയോസ് തോമസ് പ്രഥമൻ ബാവ ഉദ്ഘാടനം ചെയ്യും. പരി. എപ്പിസ്കോപ്പൽ സുന്നഹദോസ് സെക്രട്ടറി ജോസഫ് മോർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്ത അദ്ധ്യക്ഷനാകും. സഭയിലെ തിരുമേനിമാർ അനുസ്മരണ പ്രഭാഷണം നടത്തും. ഡോ.കുര്യാക്കോസ് കോറെപ്പിസ്കോപ്പ മൂലയിൽ, ഡോ.സി.എ നൈനാൻ തുടങ്ങിയവർ പ്രബന്ധങ്ങളവതരിപ്പിക്കും. മിഖായേൽ മോർ ദിവന്നാസിയോസ് തിരുമേനിയുടെ നാമത്തിൽ പാത്രിയർക്കാസെന്ററിൽ പ്രവർത്തിച്ചുവരുന്ന സഭാ വക ബുക്ക്സ്റ്റാളിൽ ദിനാചരണത്തോടനുബന്ധിച്ച് പുസ്തകമേളയും സംഘടിപ്പിച്ചിട്ടു്. സഭാ ബിബ്ലിക്കൽ അക്കാദമിയുടെ കോൺവെക്കേഷനും അന്നേദിവസം നടത്തപ്പെടും. ബിബ്ലിക്കൽ അക്കാദമിയും, എം.ഡി. ബുക്ക്സ്റ്റാളും സംയുക്തമായാണ് അനുസ്മരണം സംഘടിപ്പിച്ചിരിക്കുന്നത്.

**തമ്പു ജോർജ്ജ് തുകലൻ**